**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2092** **21-06-2024 - ൽ മറുപടിയ്ക്ക്**

**കൊട്ടം ക്രിമിനലുകളുമായി പോലീസ് സേനാംഗങ്ങൾക്കുള്ള ചങ്ങാത്തം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. റോജി എം. ജോൺ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാനത്തെ പോലീസ് സേനാംഗങ്ങൾ പുരാവസ്തു തട്ടിപ്പ്, സാമ്പത്തിക തട്ടിപ്പ്, മണൽ, ക്വാറി, മണ്ണ്, എന്നീ മേഖലകളിലെ അനധികൃത പ്രവർത്തനങ്ങൾ ,ഗുണ്ട, ക്വട്ടേഷൻ പ്രവർത്തനങ്ങൾ തുടങ്ങി ദേശവിരുദ്ധ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്ന കൊട്ടം ക്രിമിനലുകളുമായി ചങ്ങാത്തം കൂടുന്നത് പരിശോധിച്ചിട്ടുണ്ടോ; ഇത്തരം സന്ദർഭങ്ങളിൽ സിവിൽ പോലീസുകാരെ സർവ്വീസിൽ നിന്നും പിരിച്ച് വിടുകയും കൂടുതൽ ഉത്തരവാദിത്തവും ജാഗ്രതയും കാണിക്കേണ്ട ഉന്നത ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കാതിരിക്കുകയും ചെയ്യുന്നത് എന്തുകൊണ്ടാണെന്ന് വിശദമാക്കാമോ; | (എ) | പരിശോധിച്ചിട്ടുണ്ട്. ക്രിമിനൽ ബന്ധങ്ങൾ സ്ഥാപിച്ചതായി കണ്ടെത്തിയ ഉന്നത ഉദ്യോഗസ്ഥർ ഉൾപ്പെടെ വിവിധ ശ്രേണിയിലുള്ള പോലീസ് ഉദ്യോഗസ്ഥർക്കെതിരെ കേസ് രജിസ്റ്റർ ചെയ്ത് ക്രിമിനൽ നിയമപ്രകാരമുള്ള നടപടികളും, ഒപ്പം വകുപ്പുതല നടപടികളും സ്വീകരിച്ചുവരുന്നു. കഴിഞ്ഞ 8 വർഷത്തിനുള്ളിൽ 108 പോലീസ് ഉദ്യോഗസ്ഥരെ സർവ്വീസിൽ നിന്നും നീക്കം ചെയ്തിട്ടുണ്ട്. |
| (ബി) | പ്രസ്തുത കാര്യത്തിൽ മുൻ പോലീസ് മേധാവി നേരിട്ടോ അന്വേഷണ സംഘത്തെ കൊണ്ടോ എന്തെങ്കിലും അന്വേഷണം നടത്തിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ; റിപ്പോർട്ടിന്മേൽ എന്തൊക്കെ തുടർ നടപടി സ്വീകരിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ? | (ബി) | വിവിധ പോലീസ് ഉദ്യോഗസ്ഥരെ സംബന്ധിച്ച രഹസ്യ റിപ്പോർട്ടുകൾ സംസ്ഥാന പോലീസ് മേധാവിക്ക് ലഭിക്കാറുണ്ട്. അവയിൽ ഉചിതമായ തുടർനടപടികൾ സ്വീകരിക്കാറുണ്ട്. |

സെക്ഷൻ ഓഫീസർ